**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1816** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ പുനർവിന്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി കെ അബ്ദു റബ്ബ് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫ.സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിൽ കെ.എസ്.ആർ.ടി.സി.യിൽ ബസ്സ് ഒന്നിന് നിലവിലുള്ള ഓഫീസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്ന് പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ എന്തുകൊണ്ട് മെല്ലെപ്പോക്ക് സ്വീകരിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ആർ.റ്റി.സി ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ കൂടുതൽ ആണെന്ന് പ്രൊഫ.സുശീൽ ഖന്ന സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഇപ്രകാരം വിശദമായ പരിശോധന നടത്തുകയും 04-8-2020ൽ ചേർന്ന 404മത് ഭരണ സമിതി കെ.എസ്.ആർ.റ്റി.സി.യുടെ ജീവനക്കാരുടെ എണ്ണം പുനഃക്രമീകരിച്ചിട്ടുള്ളതുമാണ്. ഇപ്രകാരം പുനഃക്രമീകരിച്ചപ്പോൾ നിലവിലെ ജീവനക്കാരുടെ എണ്ണം വളരെ അധികമാണെന്ന് ബോധ്യപ്പെട്ടു. ആയത് ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇക്കാര്യത്തിൽ പുനർവിന്യാസം നടത്തുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ പതിനഞ്ച് കൊല്ലത്തിലധികം ജോലി നോക്കിയ ലൈൻഡ്യൂട്ടിക്കാരായ ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് മുന്തിയ പരിഗണന നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ? | (ബി) | ലൈൻ ഡ്യൂട്ടി ചെയ്യുന്നതിന് സ്ഥിരമായി ആരോഗ്യപ്രശ്നം ഉണ്ടെന്ന് ബോദ്ധ്യമാകുന്നവർക്ക് പരിഗണന നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ